മാതൃഭൂമി

4 December 2016



കലവ

# അമിത മത്സ്യബന്ധനം കലവയുടെ നിലനില്പിനു ഭീഷണി

**കൊച്ചി:** വർധിച്ചുവരുന്ന അമിത മത്സ്യബന്ധനം ആഗോള വിപണിയിൽ ഉയർന്ന കച്ചവട മൂല്യമുള്ള കടൽമത്സ്യമായ കലവയുടെ (ആമൂർ) നിലനില്പിന് ഭീഷണി ഉയർത്തുന്നതായി വിലയിരുത്തൽ.

കലവ മത്സ്യയിനങ്ങളുടെ നിലനില്പിനെക്കുറിച്ച് വിലയിരുത്തുന്നതിനുള്ള ആഗോള സംഗമത്തിലാണ് വിദഗ്ധരുടെ ഈ വിലയിരുത്തൽ. ഇവയെ സംരക്ഷിക്കുന്നതിനുള്ള മാർഗങ്ങൾ അടിയന്തരമായി സ്വീകരിച്ചില്ലെങ്കിൽ കലവയുടെ നിലനില്പ് അപകടത്തിലാകുമെന്ന് യോഗം വിലയിരുത്തി.

താരതമ്യേന ഭീഷണി കുറവാണെങ്കിലും ഇവയുടെ ചെറുമീനുകളെ പിടിക്കുന്നത് തടഞ്ഞില്ലെങ്കിൽ ഇന്ത്യയിലും കലവ ഇല്ലാതാകുമെന്നും യോഗം ചൂണ്ടിക്കാട്ടി. ചെറുമീനുകൾ പിടിക്കുന്നത് തടയുകയും അമിത മത്സ്യബന്ധനം നിയന്ത്രിക്കുകയും ചെയ്താൽ ഇന്ത്യൻ തീരങ്ങളിൽ ഈ മത്സ്യങ്ങളുടെ നിലനില്പിന് ഭീഷണിയുണ്ടാവില്ലെന്ന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ. രേഖ ജെ. നായർ പറഞ്ഞു.

13 രാജ്യങ്ങളിൽ നിന്നായി 35 വിദഗ്ധരാണ് ലോകത്തിൻെറ വിവിധ ഭാഗങ്ങളിലായി 164 ഇനങ്ങളുള്ള കലവ മത്സ്യങ്ങളുടെ നിലനില്പ് വിലയിരുത്തുന്നതിനു വേണ്ടി ഒത്തുകൂടിയത്.

എന്നാൽ, കലവയുടെ വിത്തുല്പാദനത്തിൽ സി.എം.എഫ്.ആർ.ഐ. കൈവരിച്ച നേട്ടം ഇന്ത്യയിൽ ഇവയെ സംരക്ഷിക്കുന്നതിൽ നിർണായക പങ്കുവഹിക്കുമെന്ന് സി.എം. എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

കഴിഞ്ഞ ഒക്ടോബറിലാണ് കലവയുടെ വിത്തുല്പാദനം സി.എം.എഫ്.ആർ.ഐ. വിജയകരമായി പൂർത്തിയാക്കിയത്. ഇത് ഇന്ത്യയിൽ ഈ മത്സ്യങ്ങളെ കൃഷി ചെയ്ത് ഉല്പാദിപ്പിക്കാനുള്ള അവസരമൊരുക്കിയിട്ടുണ്ട്. കടലിൽ സ്ഥാപിച്ച കൂടുകളിൽ ഇവയെ കൃഷി ചെയ്യുന്നത് കലവ മത്സ്യങ്ങളെ സംരക്ഷിക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുമെന്നും ഡോ. ഗോപാലകൃഷ്ണൻ പറഞ്ഞു.